©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2020 നവംബർ 26<br>26th November 2020<br>1196 വൃശ്ചികം 11<br>11th Vrischikam 1196<br>1942 അഗ്രഹായനം 5<br>5th Agrahayana 1942 | നമ്പർ<br>No. | 2893 |


**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ(ആർ.ഡി.) വകുപ്പ്

വിജ്ഞാപനം

സ.ഉ.(പി)നമ്പർ 74/2020/ത.സ്വ.ഭ.വ.

*തീയതി, തിരുവനന്തപുരം, 2020 നവംബർ 24*
*1196 വൃശ്ചികം 9*
*1942 അഗ്രഹായനം 3.*

**എസ്. ആർ. ഒ. നമ്പർ 840/2020**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 74 എ വകുപ്പ് 254-ാം വകുപ്പിനോട് കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചിച്ചതിനു ശേഷം, 1995 ഫെബ്രുവരി 17-ാം തീയതിയിലെ സ.ഉ.(പി) 27/95/ത.ഭ.വ. എന്ന നമ്പർ വിജ്ഞാപന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രകാരം പുറപ്പെടുവിച്ചതും 1995 ഫെബ്രുവരി 17-ാം തീയതിയിലെ 173-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 229/95 നമ്പരായി പ്രസിദ്ധീകരിച്ചതുമായ 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന്, താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2020-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) നാലാം ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.—1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിൽ,—

(1) 2-ാം ചട്ടത്തിൽ,—

(i) (ബി) ഖണ്ഡത്തിന് ശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) 'സാക്ഷ്യപ്പെടുത്തിയ പട്ടിക' എന്നാൽ വോട്ടെടുപ്പ് നടത്തുന്ന ദിവസത്തിന് പത്ത് ദിവസം മുൻപ് മുതൽ വോട്ടെടുപ്പ് നടത്തുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നിയുക്ത ആരോഗ്യ ആഫീസർ തയ്യാറാക്കിയിട്ടുള്ള പ്രത്യേക വിഭാഗം സമ്മതിദായകരുടെ പട്ടിക എന്നർത്ഥമാകുന്നു;";

(ii) (സി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സിഎ) 'നിയുക്ത ആരോഗ്യ ആഫീസർ' എന്നാൽ പ്രത്യേക വിഭാഗം സമ്മതിദായകരുടെ സാക്ഷ്യപ്പെടുത്തിയ പട്ടിക തയ്യാറാക്കാൻ സർക്കാർ നിയമിച്ച ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;"

(iii) (ജി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

“(ജിഎ) 'പ്രത്യേക വിഭാഗം സമ്മതിദായകൻ' എന്നാൽ ആക്റ്റിലെ 74 എ വകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള സമ്മതിദായകൻ എന്നർത്ഥമാകുന്നു;

(ജിബി) 'പ്രത്യേക പോളിംഗ് അസിസ്റ്റന്റ്' എന്നാൽ പ്രത്യേക പോളിംഗ് ആഫീസറെ സഹായിക്കുന്നതിന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നിയമിച്ച പോളിംഗ് അസിസ്റ്റന്റ് എന്നർത്ഥമാകുന്നു;

(ജിസി) 'പ്രത്യേക പോളിംഗ് ആഫീസർ' എന്നാൽ പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ ഒരു സമ്മതിദായകന് കൈമാറുക, സത്യപ്രസ്താവന സാക്ഷ്യപ്പെടുത്തുക, വോട്ട് ചെയ്തതിനുശേഷം ബാലറ്റ് പേപ്പർ അടങ്ങിയ കവർ ശേഖരിക്കുക എന്നിവയ്ക്കായി ഒന്നോ അതിലധികമോ നിയോജകമണ്ഡലങ്ങൾക്കായി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നിയമിച്ച പോളിംഗ് ആഫീസർ എന്നർത്ഥമാകുന്നു;”

(2) 24 എ മുതൽ 24 സി വരെയുള്ള ചട്ടങ്ങൾ 24 ജി മുതൽ 24 ഐ വരെയുള്ള ചട്ടങ്ങളായി പുനരക്കമിടേണ്ടതും, അപ്രകാരം പുനരക്കമിട്ട 24 ജി മുതൽ 24 ഐ വരെയുള്ള ചട്ടങ്ങൾക്ക് മുൻപായി, താഴെ പറയുന്ന ചട്ടങ്ങൾ ചേർക്കേണ്ടതുമാണ്, അതായത്:—

“24എ. പ്രത്യേക വിഭാഗം സമ്മതിദായകരുടെ വോട്ട് രേഖപ്പെടുത്തൽ.—(1) വോട്ടെടുപ്പ് ദിവസത്തിന് തൊട്ട് മുൻപുള്ള ദിവസം ഉച്ചകഴിഞ്ഞ് 3 മണി വരെ സാക്ഷ്യപ്പെടുത്തിയ പട്ടികയിൽ ഉൾപ്പെടുന്ന, തപാൽ വഴി വോട്ട് ചെയ്യുന്നതിന് ആഗ്രഹിക്കുന്ന പ്രത്യേക വിഭാഗം സമ്മതിദായകർക്ക് പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ വഴി വോട്ട് ചെയ്യാവുന്നതാണ്.

(2) വോട്ടെടുപ്പ് അവസാനിക്കുന്നതിന് തൊട്ട് മുമ്പുള്ള ദിവസം ഉച്ചകഴിഞ്ഞ് 3 മണിക്ക് ശേഷം വോട്ടെടുപ്പ് അവസാനിക്കുന്നതുവരെയുള്ള സമയത്ത്, സാക്ഷ്യപ്പെടുത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രത്യേക വിഭാഗം സമ്മതിദായകർക്ക്, വോട്ടെടുപ്പിന്റെ അവസാന മണിക്കൂറിൽ ബന്ധപ്പെട്ട പോളിംഗ് സ്റ്റേഷനുകളിൽ നേരിട്ട് വോട്ടു ചെയ്യുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(3) ഒരു ജില്ലയിലെ നിയുക്ത ആരോഗ്യ ആഫീസർ ആ ജില്ലയിലെ പ്രത്യേക വിഭാഗം സമ്മതിദായകരുടെ സാക്ഷ്യപ്പെടുത്തിയ പട്ടിക 19 എ ഫാറത്തിൽ തയ്യാറാക്കേണ്ടതും അപ്രകാരമുള്ള പട്ടിക ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നൽകുവാൻ ഇടയാക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) സാക്ഷ്യപ്പെടുത്തിയ പട്ടിക ലഭിച്ചു കഴിഞ്ഞാൽ ഉടൻതന്നെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പട്ടിക അതേ ദിവസം തന്നെ വരണാധികാരികൾക്ക് വിതരണം ചെയ്യേണ്ടതാണ്. ഒരു ജില്ലയുടെ സാക്ഷ്യപ്പെടുത്തിയ പട്ടികയിൽ ഉൾപ്പെടുന്ന ഒരു പ്രത്യേക വിഭാഗം സമ്മതിദായകൻ, മറ്റൊരു ജില്ലയിൽ രജിസ്റ്റർ ചെയ്തിരിയ്ക്കുന്ന പ്രത്യേക വിഭാഗം സമ്മതിദായകൻ ആണെങ്കിൽ, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ അപ്രകാരമുള്ള പട്ടിക സമ്മതിദായകൻ രജിസ്റ്റർ ചെയ്തിരിയ്ക്കുന്ന സ്ഥലത്തെ ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് അയച്ചുകൊടുക്കേണ്ടതും അവർ പട്ടിക ബന്ധപ്പെട്ട ജില്ലയിലെ വരണാധികാരികൾക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

24 ബി. പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ.—(1) വോട്ടെടുപ്പിന് തൊട്ട് മുൻപുള്ള ദിവസം ഉച്ചകഴിഞ്ഞ് 3 മണിക്ക് ശേഷം സാക്ഷ്യപ്പെടുത്തിയ പട്ടികയിൽ ഉൾപ്പെടുന്നവരൊഴികെ, പ്രത്യേക പോസ്റ്റൽ ബാലറ്റ് വഴി വോട്ട് ചെയ്യാൻ ആഗ്രഹിക്കുന്ന സാക്ഷ്യപ്പെടുത്തിയ പട്ടികയിലുള്ള എല്ലാ പ്രത്യേക വിഭാഗം സമ്മതിദായകർക്കും, വരണാധികാരിക്ക് അവർ പ്രത്യേക വിഭാഗം സമ്മതിദായകനാണെന്ന് ബോധ്യം വരികയാണെങ്കിൽ, പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ നൽകേണ്ടതാണ്.

(2) ചട്ടം 22-ലെ (1) ഉം (2) ഉം ഉപചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറിന് ബാധകമായിരിക്കുന്നതും, എന്നാൽ സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥരെ സംബന്ധിച്ചുള്ള ഫാറം 17-ലെ ഭാഗം II (ബി)-യിലെ നിർദ്ദേശങ്ങൾ ഇതിന് ബാധകമായിരിക്കുന്നതല്ലാത്തതും, ഈ സംഗതിയിൽ ചട്ടം 24 സി-യിലെ ഉപചട്ടം (6)-ലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതുമാണ്.

(3) സാക്ഷ്യപ്പെടുത്തിയ പട്ടികയിൽ ഉൾപ്പെടുകയും വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട് വോട്ടുചെയ്യാൻ യോഗ്യരാണെന്ന് കാണുകയും ചെയ്ത, പ്രത്യേക പോസ്റ്റൽ ബാലറ്റ് വഴി വോട്ട് ചെയ്യാൻ ആഗ്രഹിക്കുന്ന എല്ലാ പ്രത്യേക വിഭാഗം സമ്മതിദായകർക്കും, പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ നൽകേണ്ടതാണ്.

(4) പ്രത്യേക ബാലറ്റ് പേപ്പറിലെ ക്രമനമ്പർ രേഖപ്പെടുത്താതെ തന്നെ, പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ സമ്മതിദായകന് കൊടുത്തു എന്ന് സൂചിപ്പിക്കുന്നതിനായി അടയാളപ്പെടുത്തിയ വോട്ടർപട്ടികയുടെ പകർപ്പിൽ സമ്മതിദായകന്റെ പേരിന് നേരെ "എസ്. പി. ബി" എന്ന് അടയാളപ്പെടുത്തേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ നൽകപ്പെട്ട സമ്മതിദായകൻ പോളിംഗ് സ്റ്റേഷനിൽ എത്തി വോട്ട് രേഖപ്പെടുത്തുന്നില്ല എന്ന് വരണാധികാരി ഉറപ്പുവരുത്തേണ്ടതാണ്.

(6) സമ്മതിദായകന്റെ ക്രമനമ്പറും പാർട്ട് നമ്പറും രേഖപ്പെടുത്തിയ കൗണ്ടർഫോയിൽ വേർപെടുത്തി വരണാധികാരി ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഈ ചട്ടങ്ങളിലെ 22-ാം ചട്ടം (5)-ാം ഉപചട്ടത്തിൽ നിർണ്ണയിച്ചിട്ടുള്ള നടപടിക്രമങ്ങൾ ഈ സംഗതിയിൽ ബാധകമായിരിക്കുന്നതാണ്.

24 <u>സി. പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറിന്റെ വിതരണവും ശേഖരണവും</u>.—(1) ഫാറം 19<u>എ</u>-യിലുള്ള സാക്ഷ്യപ്പെടുത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രത്യേക വിഭാഗം സമ്മതിദായകർക്ക് പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ എത്തിയ്ക്കുന്നതിന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ഒന്നോ അതിലധികമോ വാർഡുകൾക്കായി ഒരു പ്രത്യേക പോളിംഗ് ആഫീസറെയും ഉത്തരവിൽ പരാമർശിക്കുന്ന എണ്ണം പോളിംഗ് അസിസ്റ്റന്റുമാരേയും നിയമിക്കേണ്ടതാണ്. പ്രത്യേക പോളിംഗ് ആഫീസർ മുഖേന, സാക്ഷ്യപ്പെടുത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രത്യേക പോസ്റ്റൽ ബാലറ്റ് വഴി വോട്ട് ചെയ്യുവാൻ ആഗ്രഹിക്കുന്ന യോഗ്യരായ എല്ലാ പ്രത്യേക വിഭാഗം സമ്മതിദായകർക്കും, പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ എത്തിക്കുന്നതിനും ശേഖരിക്കുന്നതിനും വരണാധികാരി ക്രമീകരണം ചെയ്യേണ്ടതാണ്.

(2) പ്രത്യേക പോളിംഗ് ആഫീസർ പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറും ചട്ടം 24 <u>ബി</u> പ്രകാരമുള്ള ഫാറങ്ങളും പോസ്റ്റൽ ബാലറ്റ് പേപ്പർ വഴി വോട്ട് രേഖപ്പെടുത്താൻ ആഗ്രഹിക്കുന്ന, പ്രത്യേക വിഭാഗം സമ്മതിദായകർക്ക് നൽകേണ്ടതാണ്. പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ നൽകുന്നതിന് മുമ്പ് പ്രത്യേക പോളിംഗ് ആഫീസർ സമ്മതിദായകന്റെ തിരിച്ചറിയൽ ഉറപ്പുവരുത്തേണ്ടതാണ്. പോസ്റ്റൽ ബാലറ്റ് വഴി വോട്ട് രേഖപ്പെടുത്തുന്നതിന്റെ നടപടിക്രമങ്ങളെക്കുറിച്ച് അദ്ദേഹം അത്തരം സമ്മതിദായകർക്ക് വിവരണം നൽകേണ്ടതാണ്. പ്രത്യേക പോളിംഗ് ആഫീസർ നൽകുന്ന പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ ഫാറം 19 <u>ബി</u>-യിൽ ഒപ്പിട്ട് വാങ്ങുന്നതിനോ നിരസിക്കുന്നതിനോ പ്രത്യേക വിഭാഗം സമ്മതിദായകന് അവകാശമുണ്ടായിരിക്കുന്നതാണ്.

(3) പ്രത്യേക പോളിംഗ് ആഫീസർ വിതരണം ചെയ്യുന്ന പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ അപേക്ഷയിൽ ഒപ്പ് രേഖപ്പെടുത്തി സ്വീകരിക്കുന്ന പ്രത്യേക വിഭാഗം സമ്മതിദായകൻ രഹസ്യ സ്വഭാവം കാത്ത് സൂക്ഷിച്ചുകൊണ്ടും 23-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ വ്യവസ്ഥ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചെയ്തിട്ടുള്ള രീതിയിലും തന്റെ വോട്ട് രേഖപ്പെടുത്തേണ്ടതാണ്. അതിനു ശേഷം ഫാറം 16-ലെ സത്യപ്രസ്താവന പ്രത്യേക പോളിംഗ് ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രത്യേക വിഭാഗം സമ്മതിദായകൻ വോട്ട് രേഖപ്പെടുത്തിയതിന് ശേഷം പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ അടങ്ങുന്ന കവർ വരണാധികാരിക്ക് നൽകുന്നതിനായി പ്രത്യേക പോളിംഗ് ആഫീസർക്ക് കൈമാറേണ്ടതാണ്. പ്രത്യേക പോളിംഗ് ആഫീസർ പോസ്റ്റൽ ബാലറ്റ് പേപ്പർ ഉൾപ്പെട്ട കവർ ലഭിച്ചതിന് അപ്രകാരമുള്ള സമ്മതിദായകന് ഒരു രസീത് നൽകേണ്ടതാണ്.

(4) പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറിന്റെ വിതരണവും ശേഖരണവും വോട്ടെടുപ്പിന്റെ തലേദിവസം വൈകുന്നേരം 6 മണിക്ക് മുൻപ് പൂർത്തിയാക്കേണ്ടതാണ്.

(5) അപേക്ഷയും പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറും സ്വീകരിക്കുന്ന പ്രത്യേക വിഭാഗം സമ്മതിദായകൻ അപ്രകാരമുള്ള പോസ്റ്റൽ ബാലറ്റ് പ്രത്യേക പോളിംഗ് ആഫീസർക്ക് കൈമാറാൻ തീരുമാനിക്കാത്തപക്ഷം, ചട്ടം 22 ഉപചട്ടം (2)-ൽ പറയുന്ന ബാലറ്റ് പേപ്പറും ഫാറങ്ങളും സ്വീകരിച്ചതിന് തെളിവായി അദ്ദേഹം പോളിംഗ് ആഫീസർക്ക് ഒരു കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. ഇത്തരം സംഗതികളിലും നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിന് സമ്മതിദായകനെ സഹായിക്കുന്നതിനായി ഫാറം 16-ലെ സത്യപ്രസ്താവന പ്രത്യേക പോളിംഗ് ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രത്യേക വിഭാഗം സമ്മതിദായകർ വോട്ട് രേഖപ്പെടുത്തിയ പോസ്റ്റൽ ബാലറ്റ് പേപ്പറും മറ്റ് ഫാറങ്ങളും രജിസ്റ്റേർഡ് തപാൽ വഴിയോ അല്ലെങ്കിൽ ചട്ടം 23 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും മാർഗ്ഗത്തിലുടെയോ വരണാധികാരിക്ക് ആ പ്രത്യേക വാർഡിലെ വോട്ടെണ്ണൽ ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്തിന് മുമ്പായി എത്തിക്കേണ്ടതാണ്.

(6) സർക്കാർ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന പ്രത്യേക വിഭാഗം സമ്മതിദായകരുടെ ഫാറം 16-ലെ സത്യപ്രസ്താവന സാക്ഷ്യപ്പെടുത്താൻ പ്രത്യേക പോളിംഗ് ആഫീസറേയോ അല്ലെങ്കിൽ ബന്ധപ്പെട്ട മെഡിക്കൽ ആഫീസറേയോ അധികാരപ്പെടുത്തേണ്ടതാണ്.

(7) പ്രത്യേക വിഭാഗം സമ്മതിദായകരുടെ പേരും തിരിച്ചറിയലിനായി ഹാജരാക്കിയ രേഖയും സമ്മതിദായകരുടെ ഒപ്പ്/വിരലടയാളം എന്നിവ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കൂടാതെ വോട്ട് ചെയ്തു എന്ന് സൂചിപ്പിക്കുന്നതിനായി ലിസ്റ്റിലുള്ള സമ്മതിദായകരുടെ പേരിനു നേരെ ഒരു ശരി അടയാളം രേഖപ്പെടുത്തേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉപചട്ടം (2) ൽ വ്യവസ്ഥ ചെയ്ത പ്രകാരം പ്രത്യേക വിഭാഗം സമ്മതിദായകർ പോസ്റ്റൽ ബാലറ്റ് പേപ്പർ സ്വീകരിക്കാൻ വിസമ്മതിക്കുകയോ അല്ലെങ്കിൽ ഉപചട്ടം (5)-ൽ നിഷ്കർഷിച്ച പ്രകാരം വോട്ടുചെയ്തതിനുശേഷം പോസ്റ്റൽ ബാലറ്റ് പേപ്പർ നൽകാതിരിക്കുകയോ ചെയ്യുന്ന സംഗതികളിൽ പ്രത്യേക പോളിംഗ് ആഫീസർ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(8) പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറിന് അപേക്ഷ സമർപ്പിച്ചു എന്നതിനും, അപ്രകാരം പോസ്റ്റൽ ബാലറ്റ് പേപ്പർ എല്ലാ ഫാറങ്ങളോടും കൂടി സ്വീകരിച്ചു എന്നതിനുമുള്ള രേഖയായി പ്രത്യേക പോളിംഗ് ആഫീസർ ഫാറം 19 <u>ബി</u>-യിൽ പ്രത്യേക വിഭാഗം സമ്മതിദായകന്റെ ഒപ്പോ വിരലടയാളമോ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

(9) ഈ ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഫാറം 19 <u>സി</u>-യിലെ സാക്ഷ്യപത്രം സഹിതം ഫാറം 19 <u>ഡി</u>-യിലെ പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറിനുള്ള അപേക്ഷ, ചട്ടം 21-ൽ വ്യവസ്ഥ ചെയ്ത പ്രകാരം വരണാധികാരിക്ക് നേരിട്ട് അപേക്ഷിക്കാൻ, സാക്ഷ്യപ്പെടുത്തിയ പട്ടികയിൽ ഉൾപ്പെട്ടോ ഇല്ലയോ എന്നത് പരിഗണിക്കാതെ തന്നെ പ്രത്യേക വിഭാഗം സമ്മതിദായകന് അർഹതയുണ്ടായിരിക്കുന്നതാണ്. അപ്രകാരമുള്ള സംഗതികളിൽ വരണാധികാരി ചട്ടം 22 ഉപചട്ടം (3)-ൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതും പോസ്റ്റൽ ബാലറ്റ് പേപ്പറും ചട്ടം 22 ഉപചട്ടം (2) ലെ മറ്റ് ഫാറങ്ങളും ഈ ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം നേരിട്ടോ ദൂതൻ മുഖേനയോ തപാൽ വഴിയോ വിതരണം ചെയ്യേണ്ടതാണ്. പോസ്റ്റൽ ബാലറ്റ് പേപ്പർ സ്വീകരിച്ച ഉടൻ പ്രത്യേക വിഭാഗം സമ്മതിദായകൻ ബാലറ്റ് പേപ്പറിൽ തന്റെ വോട്ട് രേഖപ്പെടുത്തേണ്ടതും, ഫാറം 17-ലെ നിർദ്ദേശങ്ങൾ പാലിച്ച്, ഫാറം 16-ലെ സത്യപ്രസ്താവന ഒരു ഗസറ്റഡ് ആഫീസർ മുഖേന സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്. രജിസ്റ്റേഡ് തപാൽ വഴിയോ ചട്ടം 23-ൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ഏതെങ്കിലും മാർഗ്ഗത്തിലൂടെയോ വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ അടങ്ങുന്ന കവർ ആ പ്രത്യേക നിയോജകമണ്ഡലത്തിലെ വോട്ടെണ്ണൽ ആരംഭിക്കുന്നതിനു നിശ്ചയിച്ച സമയത്തിന് മുമ്പായി വരണാധികാരിക്ക് എത്തിക്കേണ്ടതാണ്."

24 <u>ഡി</u>. <u>മറ്റ് ജില്ലകളിൽ നിന്നുള്ള പ്രത്യേക വിഭാഗം സമ്മതിദായകർ</u>.—(1) സാക്ഷ്യപ്പെടുത്തിയ പട്ടികയിൽ ഉൾപ്പെടുകയും എന്നാൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥലങ്ങൾ അല്ലാതെയുള്ള ഒരു ജില്ലയിൽ താമസിക്കുകയും ചെയ്യുന്ന പ്രത്യേക വിഭാഗം സമ്മതിദായകർക്ക്, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനിൽ നിന്ന് സാക്ഷ്യപ്പെടുത്തിയ പട്ടിക സ്വീകരിച്ച ശേഷം 22-ാം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചട്ട പ്രകാരമുള്ള വ്യവസ്ഥ അനുസരിച്ച് വരണാധികാരി പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ എല്ലാ ഫാറങ്ങളും സഹിതം അയച്ചു കൊടുക്കേണ്ടതാണ്. വരണാധികാരികൾ അത്തരം സമ്മതിദായകരെ കുറിച്ചുള്ള രേഖപ്പെടുത്തലുകൾ വോട്ടർ പട്ടികയുമായി ബന്ധപ്പെടുത്തി പരിശോധിച്ചതിനു ശേഷം പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ നൽകേണ്ടതാണ്;

(2) ഒരു പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ അപ്രകാരമുള്ള സമ്മതിദായകന് നൽകിയിട്ടുണ്ടെന്ന് കാണിക്കുന്നതിന് അപ്രകാരമുള്ള സമ്മതിദായകരുടെ പേരുകൾക്കെതിരെ വോട്ടർ പട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പിൽ വരണാധികാരി 'എസ്.പി.ബി' എന്ന് രേഖപ്പെടുത്തേണ്ടതും എന്നാൽ ബാലറ്റ് പേപ്പറിന്റെ ക്രമനമ്പർ രേഖപ്പെടുത്താൻ പാടില്ലാത്തതുമാണ്.

(3) മുകളിൽ പറഞ്ഞ പ്രത്യേക വിഭാഗം സമ്മതിദായകൻ തനിക്ക് ലഭിച്ച പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറിൽ തന്റെ വോട്ട് രേഖപ്പെടുത്തുകയും രജിസ്റ്റേർഡ് പോസ്റ്റ് മുഖേനയോ അല്ലെങ്കിൽ 23-ാം ചട്ടം (3)-ാം ഉപചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും മാർഗ്ഗത്തിലൂടെയോ വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറും സത്യപ്രസ്താവനയും അടങ്ങിയ കവർ ആ പ്രത്യേക വാർഡിലെ വോട്ടെണ്ണൽ ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്തിന് മുൻപ് വരണാധികാരിക്ക് ലഭിക്കത്തക്കവിധം തിരികെ നൽകേണ്ടതാണ്.

(4) മറ്റ് ജില്ലകളിലെ പ്രത്യേക വിഭാഗം സമ്മതിദായകന് ഫാറം 19 സി-യിലെ സാക്ഷ്യപത്രം സഹിതം ഫാറം 19 ഡി-യിൽ പ്രത്യേക പോസ്റ്റൽ ബാലറ്റിന് അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. 24 സി ചട്ടം (9)-ാം ഉപചട്ടത്തിലെ വ്യവസ്ഥകൾ അപ്രകാരമുള്ള വോട്ട് രേഖപ്പെടുത്തലിന് ബാധകമായിരിക്കുന്നതാണ്.

24 ഇ. വോട്ടെടുപ്പ് ദിവസത്തിന് തൊട്ടു മുൻപുള്ള ദിവസം ഉച്ചകഴിഞ്ഞ് 3 മണിക്ക് ശേഷം സാക്ഷ്യപ്പെടുത്തിയ പട്ടികയിൽ ഉൾപ്പെടുന്ന പ്രത്യേക വിഭാഗം സമ്മതിദായകർ.—(1) വോട്ടെടുപ്പ് ദിവസത്തിന് തൊട്ടു മുൻപുള്ള ദിവസം ഉച്ചകഴിഞ്ഞ് 3 മണിക്ക് ശേഷം സാക്ഷ്യപ്പെടുത്തിയ പട്ടികയിൽ ഉൾപ്പെടുന്ന പ്രത്യേക വിഭാഗം സമ്മതിദായകന് നിയുക്ത ഉദ്യോഗസ്ഥനോ അധികാരപ്പെടുത്തിയ പ്രതിനിധിയോ ഒപ്പിട്ട ഫാറം 19 സി പ്രകാരമുള്ള സാക്ഷ്യപത്രം നൽകേണ്ടതാണ്. അപ്രകാരമുള്ള ആളുകൾക്ക് അതേ ദിവസം തന്നെ ഒരു കാലതാമസവുമില്ലാതെ ഏതുവിധേനയും സാക്ഷ്യപത്രം എത്തിച്ചേരുമെന്ന് നിയുക്ത ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ക്യൂവിൽ കാത്തുനിൽക്കുന്ന സമ്മതിദായകരും കൂടാതെ വോട്ടുചെയ്യാൻ നിശ്ചിത മണിക്കൂറുകൾക്കുള്ളിൽ എത്തിച്ചേർന്നതിനാൽ ടോക്കൺ ലഭ്യമായ സമ്മതിദായകരും വോട്ടു രേഖപ്പെടുത്തിയതിനുശേഷം പ്രത്യേക വിഭാഗം സമ്മതിദായകർ വോട്ടുചെയ്യേണ്ടതാണ്.

(3) ഈ ചട്ടങ്ങൾ പ്രകാരം ഒരു പോളിംഗ് സ്റ്റേഷനിൽ സാധാരണ വോട്ടുചെയ്യാനുള്ള എല്ലാ നടപടിക്രമങ്ങളും പ്രത്യേക വിഭാഗം സമ്മതിദായകർക്കും ബാധകമായിരിക്കുന്നതാണ്.

24 എഫ്. പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ വീണ്ടും നൽകൽ.—(1) പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ വീണ്ടും നൽകുന്നതിന് 23-ാം ചട്ടം, ചട്ടം 24-ലെ (1) മുതൽ (3) വരെയുള്ള ഉപചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്;".

(3) ഫാറം 19-ന് ശേഷം താഴെ പറയുന്ന ഫാറങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## "ഫാറം 19എ

[ചട്ടം 24 എ(3) കാണുക ]

## സാക്ഷ്യപ്പെടുത്തിയ പട്ടിക

ഈ പട്ടികയിൽ പേരുള്ള വ്യക്തികളെ ................................. (തീയതി/സമയം) കോവിഡ് വൈറസ് ബാധ പോസിറ്റീവ് ആണെന്ന് സർക്കാർ ആശുപത്രി/ലാബ് അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച ആശുപത്രി/ലാബ് അല്ലെങ്കിൽ കോവിഡ് 19 കാരണം ക്വാറന്റിനിൽ ആണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

| ക്രമ നം. | പേര് | വയസ്സ് | ലിംഗം ആൺ/പെൺ/ട്രാൻസ്ജെൻഡർ | പിതാവിന്റെ/ഭർത്താവിന്റെ പേര് | പിൻകോഡ് ഉൾപ്പെടെ കത്തിടപാടിനുള്ള മേൽവിലാസം | തിരഞ്ഞെടുപ്പ് സംബന്ധിച്ച വിശദാംശങ്ങൾ | | | | | | | | തിരിച്ചറിയൽ കാർഡ് | | ആശുപത്രിയിലോ/ക്വാറന്റിനിലോ നിലവിലുള്ള സ്ഥലത്തെ മേൽവിലാസം | നഗരസഭ/ഗ്രാമപഞ്ചായത്ത് | വാർഡ് നം. | താലൂക്ക് | ജില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ജില്ല | മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ/ഗ്രാമപഞ്ചായത്തിന്റെ പേര് | മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ/ഗ്രാമപഞ്ചായത്തിന്റെ ക്രമ നമ്പർ | വാർഡ് നം. | ബ്ലോക്ക് പഞ്ചായത്തിന്റെ നിയോജകമണ്ഡലത്തിന്റെ പേരും നമ്പരും | ജില്ലാ പഞ്ചായത്തിന്റെ നിയോജകമണ്ഡലത്തിന്റെ പേരും നമ്പരും | വോട്ടർ പട്ടിക പാർട്ട് നമ്പർ | വോട്ടർ പട്ടികയുടെ ക്രമ നമ്പർ | തിരിച്ചറിയൽ കാർഡിന്റെ പേര് | നമ്പർ | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | അധികാരപ്പെടുത്തിയ ആരോഗ്യ വകുപ്പിലെ അധികാരിയുടെ പൂർണ്ണമായ ഒപ്പ് | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | (പേര്) | | | | |
| | | | | | | | | | | | | | | | | (വിലാസം) | | | | |
| | | | | | | | | | | | | | | | | ഓഫീസ് സീൽ | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>ഫാറം-19 ബി</u>

(24 സി (2 ), 24 സി (8)ചട്ടങ്ങൾ കാണുക)

**പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറിനുള്ള അപേക്ഷ**

വരണാധികാരി,

സർ/മാഡം

ഞാൻ **........................................................................................ *ഗ്രാമ പഞ്ചായത്ത് /ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് /ടൗൺ പഞ്ചായത്ത്/മുനിസിപ്പാലിറ്റി /മുനിസിപ്പൽ കോർപ്പറേഷനിലെ **........................................................ വാർഡിലെ സമ്മതിദായകനും -------------------------ാം (തീയതി) .............................. ( പോളിംഗ് ബൂത്തിന്റെ പേര്) വോട്ട് ചെയ്യാൻ അർഹതയുള്ളയാളുമാണ്. ഞാൻ കോവിഡ് 19 പോസിറ്റീവ് ആണെന്ന് പരിശോധിച്ച് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്/ ബന്ധപ്പെട്ട ആരോഗ്യ ആഫീസറുടെ നിർദ്ദേശാനുസരണം നിർബന്ധിത ക്വാറന്റീൻ അതിനാൽ മുകളിൽ സൂചിപ്പിച്ച പോളിംഗ് സ്റ്റേഷനിൽ എനിക്ക് നേരിട്ട് വോട്ടുചെയ്യാൻ കഴിയുന്നില്ല.

1995-ലെ കേരള പഞ്ചായത്ത് രാജ് / മുനിസിപ്പാലിറ്റി( തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 24 സി (2) പ്രകാരം പ്രത്യേക തപാൽ ബാലറ്റ് വഴി വോട്ട് ചെയ്യാൻ എന്നെ അനുവദിച്ച് പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ നൽകണമെന്ന് അപേക്ഷിക്കുന്നു.

1995-ലെ കേരള പഞ്ചായത്ത് രാജ് / മുനിസിപ്പാലിറ്റി(തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 24 സി (8) പ്രകാരം പ്രത്യേക തപാൽ ബാലറ്റ് പേപ്പറും അതോടൊപ്പമുള്ള ഫാറങ്ങളും ലഭിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ആവശ്യമായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പേര്
2. മേൽവിലാസം
3. വോട്ടർ പട്ടികയിലെ ക്രമനമ്പർ
4. വോട്ടർ പട്ടികയിലെ ഭാഗത്തിന്റെ ക്രമനമ്പർ, സ്ഥലം
5. ഒപ്പ്
6. തീയതി

അയയ്ക്കുന്നയാളിന്റെ ഒപ്പ്................................

അയയ്ക്കുന്നയാളിന്റെ പേരും വിലാസവും.............................

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>ഫാറം 19 സി</u>

(24 സി (9), 24 ഡി (4), 24 ഇ (1)ചട്ടങ്ങൾ കാണുക)

**കോവിഡ് 19 പോസിറ്റീവ് / ക്വാറന്റീൻ സംബന്ധിച്ച സാക്ഷ്യപത്രം**

..................... ജില്ലയിലെ ............................................... ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷനിലെ വാർഡ് നമ്പർ .............................. -ൽ താമസിക്കുന്ന ശ്രീ./ശ്രീമതി/കുമാരി............................................മകൻ/മകൾ/ഭാര്യ.................................................... കോവിഡ് 19 രോഗബാധ സംബന്ധിച്ച് സർക്കാർ ആശുപത്രി/ലാബ് അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച ആശുപത്രി/ലാബിൽ നടത്തിയ പരിശോധനയിൽ പോസിറ്റീവാണ്/സർക്കാർ നിർദ്ദേശിച്ചിരിയ്ക്കുന്ന പ്രകാരം നിർബന്ധിത ക്വാറന്റീനിലാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

അധികാരപ്പെടുത്തിയ ആരോഗ്യ വകുപ്പ്

അധികാരിയുടെ പൂർണ്ണമായ ഒപ്പ് ........................................

പേര് :

മേൽവിലാസം :

ഓഫീസ് മുദ്ര

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം-19 ഡി

(24 സി (9), 24 ഡി (4) ചട്ടങ്ങൾ കാണുക)

**പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറിനുള്ള അപേക്ഷ**

വരണാധികാരി,

സർ/മാഡം

ഞാൻ **........................................................................................ *ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് /ടൗൺ പഞ്ചായത്ത്/മുനിസിപ്പാലിറ്റി /മുനിസിപ്പൽ കോർപ്പറേഷനിലെ **........................................................ വാർഡിലെ സമ്മതിദായകനും -------------- -----------ാം (തീയതി) ............................. (പോളിംഗ് ബൂത്തിന്റെ പേര്) വോട്ട് ചെയ്യാൻ അർഹതയുള്ളയാളുമാണ്. ഞാൻ കോവിഡ് 19 പോസിറ്റീവ് ആണെന്ന് പരിശോധിച്ച് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്/ ബന്ധപ്പെട്ട ആരോഗ്യ ഓഫീസറുടെ നിർദ്ദേശാനുസരണം നിർബന്ധിത ക്വാറന്റീനിലാണ്. അതിനാൽ മുകളിൽ സൂചിപ്പിച്ച പോളിംഗ് സ്റ്റേഷനിൽ എനിക്ക് വ്യക്തിപരമായി വോട്ടുചെയ്യാൻ കഴിയില്ല.

1995-ലെ കേരള പഞ്ചായത്ത് രാജ് / മുനിസിപ്പാലിറ്റി( തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 24 സി (9), 24 ഡി (4) പ്രകാരം പ്രത്യേക തപാൽ ബാലറ്റ് വഴി വോട്ട് ചെയ്യാൻ എന്നെ അനുവദിച്ച് തപാൽ ബാലറ്റ് പേപ്പർ നൽകണമെന്ന് അപേക്ഷിക്കുന്നു.

ആവശ്യമായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പേര്
2. മേൽവിലാസം
3. വോട്ടർ പട്ടികയിലെ ക്രമനമ്പർ
4. വോട്ടർ പട്ടികയിലെ ഭാഗത്തിന്റെ ക്രമനമ്പർ, സ്ഥലം;
5. ഒപ്പ്
6. തീയതി

അയയ്ക്കുന്നയാളിന്റെ ഒപ്പ്................................

അയയ്ക്കുന്നയാളിന്റെ പേരും വിലാസവും.............................”

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബിശ്വനാഥ് സിൻഹ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2020-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ (1994-ലെ 13) 70-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ, പ്രസ്തുത വകുപ്പിലെ (1)–ാം ഉപവകുപ്പ് പ്രകാരം നിശ്ചയിച്ച സമയത്ത് അവസാനത്തെ ഒരു മണിക്കൂർ 74എ വകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള വിഭാഗം ആളുകൾക്ക് വോട്ട് ചെയ്യുന്നതിനായി ഉപയോഗിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ആക്റ്റിന്റെ 74എ വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള വിഭാഗം ആളുകൾക്ക്, അതായത് സാംക്രമികരോഗം ബാധിച്ച ഏതെങ്കിലും ആൾക്കും ക്വാറന്റീനിൽ ആയിരിക്കുന്ന ആൾക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം തപാൽ വഴി വോട്ട് ചെയ്യുന്നതിനുള്ള അവസരമുണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതെങ്കിലും വിഭാഗം സമ്മതിദായകന് തപാൽ വഴി വോട്ട് ചെയ്യാവുന്നതും അല്ലെങ്കിൽ പോളിംഗ് സ്റ്റേഷനിൽ ആക്റ്റിൽ വ്യക്തമാക്കിയ സമയത്ത് നേരിട്ട് വോട്ട് ചെയ്യാവുന്നതുമാണ് എന്നും വ്യവസ്ഥ ചെയ്യുന്നു.

മേൽപ്പറഞ്ഞ ഭേദഗതിക്കനുസൃതമായി 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിൽ അനുയോജ്യമായ ഭേദഗതി കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA
**Local Self Government (RD) Department**

NOTIFICATION

G. O. (P) No. 74/2020/LSGD.
**S. R. O. No. 840/2020**

*Dated, Thiruvananthapuram, 24th November, 2020*
*9th Vrischikam, 1196*
*3rd Agrahayana, 1942.*

In exercise of the powers conferred by section 74A read with section 254 of the Kerala Panchayat Raj Act, 1994 (Act 13 of 1994), the Government of Kerala, in consultation with the State Election Commission, hereby make the following rules further to amend the Kerala Panchayat Raj (Conduct of Election) Rules, 1995 issued under notification G.O.(P.)No.27/95/LAD dated 17th February 1995 and published as S.R.O. No.229/95 in the Kerala Gazette Extraordinary No.173 dated 17th February, 1995, namely:—

RULES

1. *Short title and commencement.*— (1) These rules may be called the Kerala Panchayat Raj (Conduct of Election) Fourth Amendment Rules, 2020.

(2) They shall come into force at once.

2. *Amendment of the Rules.*—In the Kerala Panchayat Raj (Conduct of Election) Rules, 1995,

(1) in rule 2,—

(i) after clause (b) the following clause shall be inserted, namely:—

"(ba) 'Certified List' means the list of special class of voters prepared by the designated health officer for a period of ten days before the day of poll till the day of poll;"

(ii) after clause (c), the following clause shall be inserted, namely:—

"(ca) 'Designated Health Officer' means the officer appointed by Government to prepare Certified list of Special class of voters;"

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) after clause (g), the following clauses shall be inserted, namely:—

“(ga) 'Special Class of Voter' means the voter as specified in section 74A of the Act;

(gb) 'Special Polling Assistant' means the Polling Assistant appointed by the District Election Officer to assist Special Polling Officer;

(gc) 'Special Polling Officer' means the polling officer appointed by District Election Officer for one or more constituencies, to deliver the special postal ballot paper to a special class of voter, to attest the declaration and to collect the cover containing ballot paper, after voting;”;

(2) rules 24 A to 24 C shall be renumbered as 24 G to 24 I and before rules 24 G to 24 I as so renumbered, the following rules shall be inserted, namely:—

“24A. *Voting by Special Class of voters*.– (1) Special class of voters appearing in the certified list up to 3 pm. prior to the day of poll, who wish to cast their vote by special postal ballot, may give their vote by special postal ballot.

(2) The special class of voters appearing in the certified list after 3 pm prior to the day of poll till the end of the poll shall be eligible to vote directly at the polling stations concerned during the last hour of the poll.

(3) The designated health officer in the district shall prepare the certified list of Special class of voters of the district in Form 19 A, and cause to deliver such list to the District Election Officer.

(4) The District Election Officer upon the receipt of the certified list shall ensure the distribution of the certified list immediately on the same day to Returning Officer. In case a special class of voter appearing in the certified list of a district is registered voter in another district, the District Election Officer shall communicate such list to the District Election Officer concerned, who in turn shall cause the delivery of the list to the Returning Officer concerned in that district.

24 B. *Special Postal ballot paper*.—(1) All Special Class of voters appearing in the certified list who wish to cast their vote, by special postal ballot except those appear in the certified

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

list after 3 pm. on the day prior to the day of poll shall be issued a special postal ballot paper, if the Returning Officer is satisfied that the applicant is a special class of voter.

(2) The provisions of sub rules (1) and (2) of rule 22 shall be applicable for special postal ballot paper, except the directions contained in part II (b) of Form 17 in respect of the officers competent to attest the declaration, wherein the provision of sub-rule (6) of rule 24 C shall be applicable.

(3) All the electors whose particulars appear in the certified list who wish to cast their vote by Special postal ballot paper and have been found eligible to vote with reference to the electoral roll shall be issued special postal ballot paper.

(4) The Returning Officer shall indicate entry "S.P.B" in the marked copy of the electoral roll against the names of such elector, to show that a special postal ballot paper has been issued to him, without, however, recording the serial number of such ballot paper therein.

(5) The Returning Officer shall also ensure that elector who has been issued Special postal ballot is not allowed to vote at a polling station.

(6) The counterfoil with the serial number and part number of elector duly filled up shall be got detached and kept in safe custody by the Returning Officer. The procedure as prescribed under sub-rule (5) of rule 22 of these rules shall be applicable.

24 C. *Delivery and Collection of Special postal ballot papers.*—(1) The District Election Officer shall appoint a Special Polling Officer and such number of Polling Assistants for one or more constituencies as specified in the order to deliver special postal ballot paper to special class of voters included in the certified list in Form 19 A. Returning Officer shall arrange for delivery and collection of such postal ballot papers to those eligible voters in the certified list who wish to cast their vote by Special Postal Ballot through Special Polling Officer.

(2) Special polling officer shall deliver Special postal ballot paper and forms specified in rule 24B to special class of voters who wish to cast their vote by Postal ballot. The Special Polling Officer shall ascertain the identity of the elector before delivering Special postal ballot paper. He shall brief such voters as to the procedure of the postal ballot voting. Special class of Voter shall have the option of accepting the postal ballot paper delivered by the Special Polling

Officer by signing the requisition and acknowledgement in Form 19B or he may decline to accept the delivery of the special postal ballot paper.

(3) Special class of voter who accepts the special postal ballot paper delivered by the Special Polling Officer by signing the requisition shall cast his vote by maintaining secrecy and in the manner provided in sub-rule (1) of rule 23 . Thereafter, the special polling officer shall attest the declaration in Form 16. After recording his vote the special class of voter shall hand over the cover containing special postal ballot paper to the Special polling officer for transmitting it to Returning Officer. Special polling officer shall give a receipt to voter in token of receipt of cover containing postal ballot paper.

(4) The delivery and collection of the Special postal ballot paper shall be completed before 6 pm on the previous day of the poll.

(5) A special class of voter who accepts the requisition and postal ballot paper, but not opt to deliver the postal ballot to the special polling officer, shall give a receipt to the polling officer in token of receipt of ballot and forms specified in sub rule (2) of rule 22. In such case also the Special polling officer shall attest the declaration of special class of voter in Form 16 so as to enable him to complete the formalities. Special class of voter shall send the polled postal ballot paper and other forms through any means such as by registered post or through any means as provided under rule 23 to reach the Returning Officer before the time fixed for commencement of the counting of the votes in that particular constituency.

(6) The Special Polling officer or attending Medical Officer in respect of special class of voters, who are under treatment in a Government hospital shall be authorized to attest the declaration in Form 16 in respect of special class of voters.

(7) Name of elector and the document produced for identification shall also be entered in a register, to be maintained for the purpose, and signature/thumb impression of the elector obtained therein. Further, a tick mark shall be placed against the name of the elector in the list to indicate that the person has voted. In cases where a special class of voter declined to accept the special postal ballot paper as in sub rule (2) or not opt to deliver the special postal ballot paper

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

after voting as in sub rule (5) necessary entry shall be made in the register by the special polling officer.

(8) The Special Polling Officer shall obtain signature/thumb impression of the Special class of voter in Form 19B as a certificate for requisition of special postal ballot paper and the acknowledgement of the receipt of the special postal ballot paper with all forms.

(9) Notwithstanding anything contained in these rules, a special class of voter, shall be eligible to apply for postal ballot paper in Form 19D directly to Returning Officer as provided under rule 21, along with a certificate in Form 19C, irrespective of the fact that whether he is in the certified list or not. In such cases the Returning officer shall complete formalities provided under sub rule (3) of rule 22 and issue him postal ballot paper and other forms specified in sub rule (2) of rule 22 in the manner provided under sub rule (2) of rule 22 through post, in person or by messenger . On receipt, such voter shall record his vote in the ballot paper and got the declaration in Form 16 attested by a gazetted officer, in compliance with the directions in Form 17. He shall return the polled cover to the Returning Officer by registered post or through any means provided under rule 23 to reach the Returning Officer before the time fixed for commencement of the counting of the votes in that particular constituency.

24D. *Special class of voters from other districts.*—(1)The Special class of voters who appear in certified list but housed in a district other than where such persons are registered elector, shall be sent the postal ballot paper along with all the Forms by the Returning Officer in accordance with the provision under rule 22 after receiving the certified list from District Election Officer. The Returning Officers shall check entries in respect of such voters with respect to electoral roll and thereafter shall issue the postal ballot paper/s.

(2) The Returning Officer shall also indicate entry 'S.P.B' in the marked copy of the electoral roll against the names of such elector to show that a special postal ballot paper has been issued to him, without however recording therein the Serial Number of the ballot paper.

(3) Special class of Voter as aforesaid shall record his vote in special postal ballot paper received by him and return the Ballot paper and declaration in the cover to the Returning Officer by registered posts or through any means provided under sub rule (3) of rule 23 to reach

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

the Returning Officer before the time fixed for commencement of the counting of the votes in that particular constituency.

(4) The special class of voters from other districts are eligible to apply for postal ballot in Form 19D along with a certificate in Form 19C. The provisions of sub rule 9 of rule 24C shall apply *mutatis mutandis* in relation to such voting also.

24E. *Special class of voters appearing in the certified list after 3 pm on a day prior to the day of poll*.— (1) A Special class of voter appearing in the certified list after 3 pm. on the day prior to the day of the poll shall be provided with a certificate signed by designated officer or his authorized representative in Form 19 C. The designated officer shall ensure that the certificate is reached to such persons by any means on the same day and without any delay.

(2) Special class of voter may cast their vote in the polling stations concerned after all other voters waiting in queue and/ having token, who have reached within stipulated hours of polls to vote, have polled their votes.

(3) All the prescribed procedure under these rules for voting in a polling station shall be applicable for voting by Special class of voters in polling stations.

24 F. *Reissue of Postal Ballot Paper*.— The provisions of Rule 23 and sub rule (1) to (3) of rule 24 shall apply in the case of re-issue of special postal ballot papers.";

(3) after Form 19 the following Forms shall be inserted namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# “FORM 19 A

[See Rule 24A (3)]

## **Certified List**

It is certified that the persons whose names are appearing in this list are tested as positive as on …..........................(Date & time) for covid19 infection by the Government Hospital/Lab or the Hospital/Lab recognized by the Government OR are under quarantine due to COVID 19

| Sl No | Name | Age | Gender M/F/T | Father/Husband name | Address for Communication with Pin Code | Electoral Details | | | | Identity Card | | Address of the Present Location of hospitalisation/quarantine | Minimality/Gram Panchayat | Ward No | Taluk | District |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | District | No. and name of Municipality/ | No. and name of Ward. | Electoral roll Part No. and Sl..No | Nam e of ID Card | No | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | Full Signature of the designated Health Authority* | | | | |
| | | | | | | | | | | | | (Name) | | | | |
| | | | | | | | | | | | | (Address) | | | | |
| | | | | | | | | | | | | | | | | Office Seal |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 19B
[See Rule 24C (2) and 24C (8)]

**REQUISITION & ACKNOWLEDGEMENT FOR SPECIAL POSTAL BALLOT PAPER**

To

The Returning Officer,

Sir/Madam,

I am an elector of the constituency......of.........................*Village Panchayat/Block Panchayat/District Panchayat and I am entitled to vote on..........................................(Date) at..................................................................... (Name of Polling Station). I have been certified tested positive for Covid19/ am mandated to be under quarantine by the designated health officer. l am therefore unable to vote in person at the Polling Station mentioned above.

Under Rule 24C (2) of the Kerala Panchayat Raj (conduct of election) Rules, 1995 I request that I may be allowed to vote by special postal ballot and issue the special postal ballot paper.

Under Rule 24C (8) of the Kerala Panchayat Raj (conduct of election) Rules, 1995, I acknowledge the receipt of the special postal ballot paper along with all the forms.

Necessary particulars are specified below:

1. Name
2. Address
3. Part No. and Sl. No. of the electoral roll
4. Place
5. Signature
6. Date

Signature

Name & Address of Special voter

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 19 C

[See Rule 24 C (9), 24 D (4) and 24E (1)]

**Certificate for COVID-19 Positive/ Quarantine**

It is certified that Shri/Smt/Ms...........................................son/daughter/wife of .................................resident of...........................Grama Panchayat in ward No ........................... in………………………… District is tested as positive for covid19 infection on.......................(Date) at …..(Time) by the Government Hospital/Lab or the Hospital/Lab recognized by the Government or is required to be under quarantine due to COVID 19 as mandated by the instructions of the government

Full Signature of Designated Health Authority/

Government medical Officer.

(Name)

(Address)

Office Seal

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 19D
[(See Rule 24C (9) and 24D (4)]

**APPLICATION FOR SPECIAL POSTAL BALLOT PAPER**

To

The Returning Officer,

Sir/Madam,

I am an elector of the constituency......of.........................*Village Panchayat/Block Panchayat/District Panchayat and I am entitled to vote on ..........................................(Date) at..................................................................... (Name of Polling Station). I have been certified tested positive for Covid19/ am mandated to be under quarantine by the designated health officer. l am therefore unable to vote in person at the Polling Station mentioned above.

Under Rule 24C (9) and 24 D (4) of the Kerala Panchayat Raj (conduct of election) Rules, 1995 I request that I may be allowed to vote by special postal ballot and issue the special postal ballot paper.

Necessary particulars are specified below:

1. Name
2. Address
3. Part No. and Sl. No. of the electoral roll
4. Place
5. Signature
6. Date

Signature

Name & Address of special voter".

By order of the Governor,

BISHWANATH SINHA,

*Principal Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Sub-section (2) of section 70 of the Kerala Panchayat Raj Act, 1994 (13 of 1994) as amended by the Kerala Panchayat Raj (Third Amendment) Ordinance, 2020 provides that the last one hour of the time fixed under sub-section (1) shall be used for voting by such class of persons as specified under section 74 A. Sub section (1) of section 74 A of the Act provides that, the class of persons as specified in that section ie. any person who is affected by epidemic disease, and any person in quarantine have the opportunity to give their vote by postal ballot. Sub section (2) of that section provides that a voter as specified in any of the classes under sub section (1) may give his vote by postal ballot or may give his vote directly at the polling station.

According to the above amendment, the Government have decided to make suitable amendments to the Kerala Panchayat Raj (Conduct of Election) Rules, 1995.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.11.26 11:58:16 +05:30